1600 കി.മീ. റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഈ പദ്ധതിക്കായി ലോകബാങ്കിൽ നിന്നും കേന്ദ്ര സർക്കാർ വഴി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന 1250 കോടി രൂപ 5 വർഷത്തെ മോറട്ടോറിയത്തിനുശേഷം 15 വർഷം കൊണ്ട് 8.5 ശതമാനം പലിശ സഹിതം തിരിച്ചടയ്ക്കണം.

(സി) 2007-ൽ.

(ഡി) 1. ഗുണമേന്മയുള്ള റോഡുകൾ നിർമ്മിയ്ക്കുന്നതിലൂടെ സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കുന്നു.

2. സഞ്ചാരസമയത്തിൽ 20 % കുറവ്.

3. വാഹനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾക്ക് 20% ത്തോളം കുറവ്.

4. ഇന്ധനത്തിന്റെ ഉപയോഗത്തിനുള്ള 10 % മുതൽ 20 % വരെയുള്ള കുറവ്.

5. അപകടനിരക്കിൽ ഗണ്യമായ കുറവ് (റോഡു സുരക്ഷ പരിപാടി നടപ്പാക്കൽ)

7. വാർഷിക മെയിന്റനൻസ് ചെലവുകളിൽ ഗണ്യമായ കുറവ്.

8. പൊതുമരാമത്ത് വകുപ്പിന്റെ ശക്തിപ്പെടുത്തലും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തലും.

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് പ്രോജക്ടിന്റെ പണി

86(4369) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡ് വികസനത്തിന് വിദേശ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കുന്ന കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക എത്രയെന്നും എത്ര വർഷം കൊണ്ടാണ് പണി പൂർത്തിയാക്കുന്നതെന്നും ഇതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയും കൺസൾട്ടിംഗ് ഏജൻസിയും ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) സർക്കാരിൽനിന്നും പെൻഷൻ പറ്റിപ്പിരിഞ്ഞ എൻജിനീയർമാരുടെയോ മറ്റ് ഉദ്യോഗസ്ഥന്മാരുടെയോ സേവനം ഈ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ ; എങ്കിൽ അതേപ്പറ്റി വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതിയുടെ ആവശ്യത്തിലേക്കായി എത്ര മോട്ടോർ വാഹനങ്ങൾ നാളിതുവരെ വാങ്ങിയിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവായി എന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിയുടെ താൽപ്പര്യത്തിലേക്കായി സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഈ ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ 1600 കി. മീ. റോഡുകളുടെ വികസനത്തിനായി ലോകബാങ്ക് ധനസഹായത്തോടെ 1600 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതി (കെ.എസ്.ടി.പി.) സംസ്ഥാനത്ത് നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. 2007-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കിവരുന്ന ഈ പദ്ധതിയുടെ കൺസൾട്ടൻസി ചുമതല RITES, BECA & WSA, ലീ അസോസിയേറ്റ്സ്, ഐ. സി. റ്റി., ലൂയി ബെർജർ ഇന്റർനാഷണൽ എന്നീ ഏജൻസികൾക്കാണ് നൽകിയിട്ടുള്ളത്.

(ബി) ലോകബാങ്ക് സഹായത്തോടെ മറ്റൊരു റോഡു വികസനപദ്ധതി (കെ.എസ്.ടി.പി.2) തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും വിരമിച്ച ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടേയും ദിവസക്കൂലി അടിസ്ഥാനത്തിൽ 3 എൻ. ജി. ഒ. മാരുടേയും സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

(സി & ഡി) ഈ പദ്ധതിയുടെ ആവശ്യത്തിലേക്കായി വാഹനങ്ങൾ വാങ്ങിയിട്ടില്ല. പദ്ധതിയുടെ ആവശ്യങ്ങൾക്ക് സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിച്ച വകയിൽ നാളിതുവരെ 4,17,913 രൂപ ചെലവായിട്ടുണ്ട്.

പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസുകൾ

89 (4370) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസുകളോടു ചേർന്നുള്ള ഭൂമി വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് സ്വകാര്യ പങ്കാളിത്തം പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി തിരഞ്ഞെടുത്ത റസ്റ്റ് ഹൗസുകൾ സ്വകാര്യ പങ്കാളിത്തത്തോടെ റിനൊവേറ്റ് ഓപ്പറേറ്റ് മെയിന്റയിൻ ട്രാൻസ്ഫർ (ROMT) വ്യവസ്ഥയിൽ നവീകരിച്ച് നടത്തുവാൻ തീരുമാനിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly